"ഭരണഭാഷ-മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

കൃഷി വകുപ്പ് - അന്തർ ദേശീയ കായൽ കൃഷി ഗവേഷണ പരിശീലന കേന്ദ്രത്തിന്റെ PSTSB Account No.799012700001387-ൽ നിന്നും 2025-26 സാമ്പത്തിക വർഷം റസ്യൂം ചെയ്ത എസ്റ്റാബ്ലിഷ്മെന്റ് ചെലവുകൾക്കനുവദിച്ച തുക നടപ്പ് സാമ്പത്തിക വർഷം (2026-27) പുനരനുവദിച്ചു കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**കൃഷി (കൃഷി) വകുപ്പ്**

സ.ഉ.(സാധാ) നം.392/2026/AGRI തീയതി,തിരുവനന്തപുരം, 16-04-2026

---

പരാമർശം:-
1. കുട്ടനാട് അന്തർദേശീയ കായൽ- കൃഷി ഗവേഷണ പരിശീലന കേന്ദ്രം ഡയറക്ടറുടെ 01/04/2026 തീയതിയിലെ 1/IRTCBSF/2015 നമ്പർ കത്ത്.
2. ധനകാര്യ വകുപ്പിന്റെ 01/04/2026 തീയതിയിലെ 17/2026/ഫിൻ നമ്പർ സർക്കുലർ.

**ഉത്തരവ്**

കുട്ടനാട് അന്തർദേശീയ കായൽ കൃഷി ഗവേഷണ പരിശീലന കേന്ദ്രം (IRTCBSF) ഡയറക്ടറുടെ പേരിലുള്ള PSTSB Account No.799012700001387-ൽ നിന്നും 2025-26 സാമ്പത്തിക വർഷാവസാനം സർക്കാർ റസ്യൂം ചെയ്തതും സ്ഥാപനത്തിലെ ജീവനക്കാരുടെ ശമ്പളമുൾപ്പെടെയുള്ള എസ്റ്റാബ്ലിഷ്മെന്റ് ചെലവുകൾക്കനുവദിച്ചതുമായ 8,83,406/- രൂപ സ്ഥാപനത്തിന്റെ അക്കൗണ്ടിലേക്ക് പുനരനുവദിക്കണമെന്ന് പരാമർശം (1) പ്രകാരം കുട്ടനാട് അന്തർദേശീയ കായൽ കൃഷി ഗവേഷണ പരിശീലന കേന്ദ്രം ഡയറക്ടർ അപേക്ഷിച്ചിരിക്കുന്നു.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ കുട്ടനാട് അന്തർദേശീയ കായൽ കൃഷി ഗവേഷണ പരിശീലന കേന്ദ്രത്തിന്റെ (IRTCBSF) ജീവനക്കാരുടെ ശമ്പളമുൾപ്പെടെയുള്ള എസ്റ്റാബ്ലിഷ്മെന്റ് ചെലവുകൾക്കായി നീക്കി വച്ചിരുന്നതും 2026 മാർച്ച് മാസം റസ്യൂം ചെയ്തതുമായ Rs.8,83,406/- (എട്ട് ലക്ഷത്തി എൺപത്തിമൂവായിരത്തി നാനൂറ്റി ആറ് രൂപ) രൂപ പരാമർശം (2) ലെ സർക്കുലറിലെ ഖണ്ഡിക 2(A) പ്രകാരം 2415-01-004-88 ശീർഷകത്തിലെ 2026-27 സാമ്പത്തിക വർഷത്തെ വിഹിതത്തിൽ നിന്നും പുനരനുവദിച്ചും പ്രസ്തുത തുക സ്ഥാപനത്തിന്റെ PSTSB Account No.799012700001387 -ലേക്ക് വിതരണം ചെയ്യുന്നതിന് കൃഷി ഡയറക്ടർക്ക് അനുമതി നൽകിയും ഉത്തരവ് പുറപ്പെടുവിക്കുന്നു.

3. മേൽ ഉത്തരവ് സാധൂകരിക്കുന്നതിനുള്ള പ്രപ്പോസൽ ആദ്യ ഡിപ്പാർട്ട്മെന്റൽ വർക്കിംഗ് ഗ്രൂപ്പ് യോഗത്തിൽ കൃഷി വകുപ്പ് ഡയറക്ടർ സമർപ്പിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
അഭിലാഷ് എസ്
അണ്ടർ സെക്രട്ടറി

ഡയറക്ടർ, കാർഷിക വികസന കർഷക ക്ഷേമ വകുപ്പ്, തിരുവനന്തപുരം.
ഡയറക്ടർ, അന്തർദേശീയ കായൽ-കൃഷി ഗവേഷണ പരിശീലന കേന്ദ്രം, കുട്ടനാട്, ആലപ്പുഴ.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്/എ&ഇ), തിരുവനന്തപുരം.
ജില്ലാ ട്രഷറി ഓഫീസർ, ജില്ലാ ട്രഷറി, തിരുവനന്തപുരം.
ധനകാര്യ (അഗ്രി-ബി) വകുപ്പ് (08/04/2026 തീയതിയിലെ 3474144 Agri-B1/205/2026-FIN പ്രകാരം)
വിവര പൊതുജന സമ്പർക്ക വകുപ്പ് (വെബ് & ന്യൂ മീഡിയ).
സ്റ്റോക്ക് ഫയൽ/ ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Signed by
Vineesh Kumar G
Date: 16-04-2026 10:54:48